**കേരള എക്സൈസ് വകുപ്പ്**
"മാതൃഭാഷ-മലയാളം"

**അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം, കേരളം, തിരുവനന്തപുരം.**

**(സാന്നിദ്ധ്യം - ഡി.രാജീവ്, ഐ.ഓ.എഫ്.എസ്)**

വിഷയം - **കേരള എക്സൈസ്- ജീവനക്കാര്യം- വകുപ്പ് - കൊല്ലം ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 20.08.2011 മുതൽ 31.12.2021 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം - 1) 20.08.2011 ലെ G.O(P) No. 26/2011/പി ആന്റ് ആർ.ഡി നമ്പർ ഉത്തരവ്
2) 09.09.2013 ലെ GO(Rt) No.712/2013/റ്റി.ഡി നമ്പർ ഉത്തരവ്
3) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ 02.02.2022 തീയതിയിലെ OA-1293/2020 നമ്പർ അന്തിമ ഉത്തരവ്.
4) കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 22.10.2022 തീയതിയിലെ ഇ.ഡി.ഒ.കെ.എൽ.എം/605/2022 നമ്പർ കത്ത്.
5) ഉത്തരവ് നമ്പർ ഇ.എക്സ്.സി/1536/2022/എക്സ്.ഡി3/കെ.എൽ.എം തീയതി 26.10.2022
6) 23.09.2017 തീയതിയിലെ ബഹു.കേരള ഹൈക്കോടതിയുടെ ഒ.പി(കെ.എ.റ്റി) - 461/2017 ( Z) നമ്പറിലെ ഇടക്കാല ഉത്തരവ്.

**<u>ഉത്തരവ് നമ്പർ ഇ.എക്സ്.സി/1536/2022/എക്സ്.ഡി3/ കെ.എൽ.എം തീയതി: 09/02/2023</u>**

കൊല്ലം ഡിവിഷനിലെ എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 20.08.2011 മുതൽ 31.12.2021 വരെയുള്ള കാലയളവിലെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് പരമാർശം 5 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിനെതിരെ ശ്രീ.ഷാനവാസ്.എ.എൻ, ടിയാന് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചത് 08.02.2018 ൽ ആണെന്നും, ടി തീയതിയിൽ സ്ഥാനക്കയറ്റം ലഭിച്ച ടിയാന്റെ ജൂനിയറിന് പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ ടിയാന് മുന്നിൽ സീനിയോരിറ്റി നൽകിയത് പരിശോധിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. ആയത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഭേദഗതി വരുത്തിയിട്ടുള്ളതാണ്. ടി പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിനെതിരെ സ / ശ്രീ. പ്രേംനസീർ.എസ്, ഷില്യ.എ, സന്തോഷ് വർഗ്ഗീസ്, എബി മോൻ, ഷിബു പാപ്പച്ചൻ, ശശികുമാർ, ജി.അനിൽ കുമാർ, വിജയകൃഷ്ണൻ, എൻ.ബിജു, രതീഷ് കുമാർ.എസ്, മോഹൻ രാജ്, ഷജീവ്.കെ എന്നിവർ പരാതി സമർപ്പിച്ചിക്കുകയും, പരാതിക്കാരുടെ ആവശ്യം പരിഗണിച്ച് പരാതിക്കാരെ 06.01.2023-ൽ നേരിൽ കേൾക്കുകയുണ്ടായി.

2) സ/ശ്രീ. ശശികുമാർ, ജി.അനിൽ കുമാർ, വിജയകൃഷ്ണൻ, എൻ.ബിജു, രതീഷ് കുമാർ.എസ്, മോഹൻ രാജ്, ഷജീവ്.കെ എന്നിവർ സമാനമായപരാതികളാണ് ഉന്നയിച്ചിരിക്കുന്നത്. ടിയാന്മാർക്ക് മേൽ സീനിയോറിറ്റി ലിസ്റ്റ് കാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ടെന്നും, നിലവിൽ ഈ ഓഫീസിൽ നിന്നും പ്രസിദ്ധീകരിച്ച പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്നും, സ/ശ്രീ. . പ്രേംനസീർ,